**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *94 — 20.01.2014-ൽ മറുപടിയ്ക്ക്

## മോണോറെയിൽ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കോവൂർ കുഞ്ഞുമോൻ**<br>,, **എ.എ.അസീസ്** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) ഏതൊക്കെ സ്ഥലങ്ങളിലാണ് മോണോറെയിൽ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; | (എ) സംസ്ഥാനത്ത് കോഴിക്കോട്ടും തിരുവനന്തപുരത്തുമാണ് മോണോറെയിൽ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (ബി) ഓരോ പദ്ധതിയും എവിടം മുതൽ എവിടം വരെയാണ് നടപ്പിലാക്കുന്നത് ; | (ബി) കോഴിക്കോട് മെഡിക്കൽ കോളേജ് ജംഗ്ഷൻ മുതൽ മീഞ്ചന്ത വരെ 14.4 കി.മീ ദൈർഘ്യത്തിലും, തിരുവനന്തപുരത്ത് ടെക്നോസിറ്റി മുതൽ കരമന വരെ 22.2 കി.മീ ദൈർഘ്യത്തിലുമാണ് പദ്ധതിയുടെ ഒന്നാം ഘട്ടമായി മോണോറെയിൽ നടപ്പിലാക്കുന്നത്. |
| (സി) ഓരോ പദ്ധതിക്കും പ്രതീക്ഷിക്കുന്ന ചെലവ് എത്ര വീതമാണ് ; | (സി) ഡി.എം.ആർ.സി 2012 ജൂണിൽ തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് പ്രകാരം കോഴിക്കോട് മോണോറെയിൽ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ അടങ്കൽ തുക 1832 കോടി രൂപയാണ്. എന്നാൽ 2015-ൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് 1991 കോടി രൂപ വേണ്ടി വരുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. 2012 ഡിസംബറിൽ തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് അനുസരിച്ച് തിരുവനന്തപുരം മോണോറെയിൽ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ അടങ്കൽ തുക 3054 കോടി രൂപയാണ്. എന്നാൽ 2019-ൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് ഏകദേശം 3590 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. |
| (ഡി) പ്രസ്തുത തുക എങ്ങനെയാണ് കണ്ടെത്തുന്നത് ; വിശദാംശം ലഭ്യമാക്കുമോ ? | (ഡി) മോണോറെയിൽ പദ്ധതികൾ ഒരു സർക്കാർ സംരംഭമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. മൊത്തം ചെലവിന്റെ 20% സംസ്ഥാന സർക്കാർ വിഹിതമായും, 20% കേന്ദ്ര സർക്കാർ വിഹിതമായും പദ്ധതിയുടെ ഇക്വിറ്റിയായി ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. ബാക്കി 60% ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ദീർഘകാല വായ്പ എടുക്കുവാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ